# കേരള പബ്ലിക് സർവീസ് കമ്മീഷൻ
## ജില്ലാ ഓഫീസ് : തിരുവനന്തപുരം

തിരുവനന്തപുരം,
No. DTG(2)308591/2020 തീയതി : 25.04.2022.

## പത്രക്കുറിപ്പ്

തിരുവനന്തപുരം ജില്ലയിൽ നഴ്സ് ഗ്രേഡ്-II(ആയുർവേദ)(ആയുർവേദ കോളേജ്) കാറ്റഗറി നമ്പർ; 325/2019 തസ്തികയുടെ തെരഞ്ഞെടുപ്പിനായി 29.01.2022-ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കുള്ള ഇന്റർവ്യൂ **18.05.2022, 19.05.2022 & 20.05.2022** തീയതികളിലായി നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പ്രൊഫൈൽ, മൊബൈൽ സന്ദേശങ്ങൾ നല്കിയിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് പ്രൊഫൈൽ പരിശോധിക്കേണ്ടതാണ്. ഇന്റർവ്യു മെമ്മോ, വ്യക്തി വിവരക്കുറിപ്പ്, കോവിഡ്-19 ചോദ്യാവലി എന്നിവ ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ അസ്സൽ പ്രമാണങ്ങൾ, ഒ.റ്റി.വി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, തിരിച്ചറിയൽ രേഖ, ഇന്റർവ്യു മെമ്മോ, വ്യക്തി വിവരക്കുറിപ്പ് പൂരിപ്പിച്ചത്, എന്നിവ സഹിതം ഇന്റർവ്യൂ മെമ്മോയിൽ പറയുന്ന സമയത്തും, തീയതിയിലും എല്ലാവിധ കോവിഡ് മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് കേരള പബ്ലിക് സർവീസ് കമ്മീഷൻ തിരുവനന്തപുരം ജില്ലാ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്. കോവിഡ് -19 രോഗവ്യാപന ഭീതി നിലനിൽക്കുന്നതിനാൽ സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ ആഫീസ് പരിസരത്ത് പ്രവേശിക്കുവാൻ പാടുള്ളൂ.

**ജില്ലാ ഓഫീസർ**
**കെ.പി.എസ്.സി ജില്ലാ ഓഫീസ്,**
**തിരുവനന്തപുരം.**